# മനസ്സിണക്കം മഹാസൗഭാഗ്യം

ആത്മസംസ്കരണം

ഷാനവാസ് കൊല്ലം

**സമൂഹത്തിലെ** അംഗങ്ങൾക്കിടയിൽ ഹൃദയൈക്യമുണ്ടാവുക എന്നത് മനുഷ്യസമൂഹത്തിന് പൊതുവിൽ അനിവാര്യമായ സംഗതിയാണ്. വിശ്വാസികളെ സംബന്ധിച്ചേടത്തോളം ഇതിന് സവിശേഷ പ്രാധാന്യമുണ്ട്. അവർ നിർണിത ലക്ഷ്യത്തിലേക്ക് മുന്നേറുന്ന കെട്ടുറപ്പുള്ള ഒരു സമൂഹമായി നിലകൊള്ളേണ്ടവരാണ് എന്നതാണ് കാരണം. ഹൃദയങ്ങൾ തമ്മിലുള്ള ഐക്യം തകർന്നാൽ സംഘബലം തകരുകയും, ചെറിയ ഒഴുക്കിനു പോലും എങ്ങോട്ടും തള്ളിക്കൊണ്ടുപോകാവുന്ന പായൽ പോലെ, ശക്തിയില്ലാത്ത വ്യക്തികളുടെ കൂട്ടമായി സമൂഹം അധഃപതിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ വിധിവിലക്കുകളിൽനിന്ന് ജനം അകലാൻ തുടങ്ങുമ്പോഴാണ് ശൈഥില്യം പ്രത്യക്ഷപ്പെടുക. മുൻകാല പ്രവാചകന്മാരുടെ സമൂഹങ്ങളിൽ ഇതിനു വേണ്ടുവോളം തെളിവുണ്ട്. ഈസാ(അ)യുടെ അനുയായികളായിരുന്നവരുടെ പിൻതലമുറയിലുണ്ടായ പരിണാമത്തെക്കുറിച്ച് ഖുർആൻ പറയുന്നു: "ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്നു പറഞ്ഞവരിൽനിന്നും നാം കരാർ വാങ്ങുകയുണ്ടായി. എന്നിട്ട് അവർക്ക് ഉദ്ബോധനം നൽകപ്പെട്ടതിൽനിന്ന് ഒരു ഭാഗം അവർ മറന്നുകളഞ്ഞു. അതിനാൽ അവർക്കിടയിൽ ഉയിർത്തെഴുന്നേൽപിന്റെ നാൾവരേക്കും ശത്രുതയും വിദ്വേഷവും നാം ഇളക്കിവിട്ടു..." (*അൽമാഇദ* 4). വിശ്വാസപരവും രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാൽ നിരന്തര സംഘട്ടനത്തിന്റേതായ രക്തപങ്കിലമായ ഏടുകൾ വിശേഷിച്ചും ക്രൈസ്തവ യൂറോപ്പിന്റെ ചരിത്രത്തിലുടനീളം കാണാവുന്നതാണ്.

**ഹൃദയൈക്യത്തിനുള്ള ഏക മാർഗം അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കുക എന്നതാണ്. സ്വച്ഛവും തെളിഞ്ഞതുമായ ഇസ്‌ലാമിക നിർദേശങ്ങളെ ജീവിതത്തിൽ മുറുകെപ്പിടിക്കുക. ചിന്തയും വാക്കും പ്രവൃത്തിയും ദൈവികനിർദേശങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുക.**

പ്രവാചകാധ്യാപനങ്ങളെ കൈയൊഴിഞ്ഞ് പിന്നാക്കം പോയ യഹൂദരുടെ ഹൃദയൈക്യമില്ലായ്മയെയും അതുവഴി വന്നുചേർന്ന ശക്തിക്ഷയത്തെയും കുറിച്ച് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്: "കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ, മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ അവർ ഒരുമിച്ചു നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു...." (*അൽഹശ്ർ* 14).

ഇണയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധിവിലക്കുകൾ പരിഗണിക്കാതിരിക്കുമ്പോൾ ഇണകൾക്കിടയിൽ രഞ്ജിപ്പും ഹൃദ്യമായ ബന്ധവും രൂപപ്പെടില്ല. തന്മൂലം ദാമ്പത്യജീവിതത്തിൽ അസ്വാരസ്യങ്ങളുണ്ടാവും. മക്കൾക്ക് ഇസ്‌ലാമിക നിർദേശങ്ങൾക്കനുസൃതമായി ശിക്ഷണ പരിശീലനങ്ങൾ നൽകി

യില്ലെങ്കിൽ, അനന്തര സ്വത്തിന്റെ വിഭജനത്തിൽ ദൈവിക നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ അവർക്കിടയിൽ ക്രമേണ ശൈഥില്യവും പോരും ഉടലെടുക്കും. സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ ദീനീ നിർദേശങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ- അന്യരുടെ അവകാശങ്ങൾ കൊടുത്തുവീട്ടുക, നമ്മോട് കടക്കാരനായ വ്യക്തിക്ക് സാമ്പത്തിക പ്രയാസമുണ്ടെങ്കിൽ വിട്ടുവീഴ്ച ചെയ്യുക, അനാഥരെയും അഗതികളെയും ദരിദ്രരെയും കൂടുതൽ പരിഗണിക്കുക തുടങ്ങിയവ- അത് വിശ്വാസിസമൂഹത്തിനുള്ളിൽ തന്നെ മാനസികമായ അസംതൃപ്തിക്കും വിദ്വേഷത്തിനും ഇടവരുത്തും.

അതിനാൽ ഹൃദയൈക്യത്തിനുള്ള ഏക മാർഗം അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കുക എന്നതാണ്. സ്വഛവും തെളിഞ്ഞതുമായ ഇസ്‌ലാമിക നിർദേശങ്ങളെ ജീവിതത്തിൽ മുറുകെപ്പിടിക്കുക. ചിന്തയും വാക്കും പ്രവൃത്തിയും ദൈവികനിർദേശങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുക. അങ്ങനെ അല്ലാഹുവിന്റെ സാമീപ്യം നേടുകയും അവന്റെ പ്രീതി സമ്പാദിക്കുകയും ചെയ്യുക. അല്ലാഹു സംപ്രീതനാവുന്ന വ്യക്തികളിൽ സ്വാഭാവികമായി തന്നെ ഹൃദയൈക്യം രൂപപ്പെടുന്നതാണ്. അല്ലാഹു വെറുത്ത സമൂഹത്തിനിടയിൽ ആത്മാർഥമായ ഐക്യത്തിന്റെയും യോജിപ്പിന്റെയും യാതൊരു സാധ്യതയും അവശേഷിക്കുകയില്ല.

ഒരു ഹദീസ് കാണുക. അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: റസൂൽ(സ) പറഞ്ഞു: "അല്ലാഹു ഒരടിമയെ സ്നേഹിച്ചാൽ ജിബ്‌രീലിനെ വിളിച്ചു പറയും: ഞാൻ ഇന്ന വ്യക്തിയെ സ്നേഹിക്കുന്നു. നീയും സ്നേഹിക്കുക. അങ്ങനെ ജിബ്‌രീൽ അയാളെ സ്നേഹിക്കാൻ തുടങ്ങും. പിന്നീട് ആകാശലോകത്തൊന്നാകെ വിളിച്ചുപറയും: അല്ലാഹു ഇന്ന വ്യക്തിയിൽ സംപ്രീതനായിരിക്കുന്നു. നിങ്ങളും സ്നേഹം കൊണ്ടവനെ മൂടുക. ആകാശവാസികളെല്ലാം അയാളെ സ്നേഹിക്കാൻ തുടങ്ങും. പിന്നീട് ഭൂമിയിലും അയാൾ സ്വീകാര്യനാവും. അല്ലാഹു ഒരടിമയോട് കോപിഷ്ടനായാൽ ജിബ്‌രീലിനെ വിളിച്ചു പറയും: ഞാൻ ഇന്നയാളോട് കോപാകുലനാണ്. നിന്നിലും അവനോട് കോപമുണ്ടാവട്ടെ. തുടർന്ന് ജിബ്‌രീലിനും അയാളോട് കോപം ജനിക്കുന്നു. പിന്നീട് ആകാശലോകത്തൊന്നാകെ വിളിച്ചു പറയും: അല്ലാഹു ഇന്ന വ്യക്തിയിൽ കോപിഷ്ടനാണ്. നിങ്ങളും അവനോട് കോപത്തോടെ വർത്തിക്കുക. ആകാശവാസികളും അവനോട് കോപം പുലർത്തിത്തുടങ്ങും. പിന്നീട് ഭൂമിയിലും അയാൾ കോപത്തിന്നിരയായിത്തീരും." ഹറമ്ബ്നു ഹയ്യാൻ പറയാറുണ്ടായിരുന്നു: "ഹൃദയനൈർമല്യത്തോടെ അല്ലാഹുവിനെ തേടിച്ചെല്ലുന്ന ഏതൊരാൾക്കും നേരെ അല്ലാഹു വിശ്വാസികളുടെ ഹൃദയങ്ങളെ തിരിച്ചുവിടുന്നതാണ്. അങ്ങനെ അവർക്ക് വിശ്വാസികളുടെ സ്നേഹവും കാരുണ്യവും ലഭിക്കുന്നതാണ്."

## രണ്ട്

ഇസ്‌ലാമികാധ്യാപനങ്ങളുടെയും പ്രവാചക നിയോഗത്തിന്റെയും പ്രാഥമിക ഫലങ്ങളിൽ തന്നെ പെട്ടതാണ്, ഹൃദയൈക്യവും തദനുസൃതമായി രൂപപ്പെടുന്ന കലവറയില്ലാത്തതും ആത്മാർഥവുമായ സാമൂഹിക ബന്ധങ്ങളും. മനുഷ്യഹൃദയങ്ങളിൽ പരസ്പര സ്നേഹത്തിന്റെയും ആദരവിന്റെയും ആർദ്രഭൂമി സൃഷ്ടിച്ചുകൊണ്ടാണ് ഇസ്‌ലാമിന്റെ സുന്ദരബീജങ്ങൾ വളരാൻ തുടങ്ങുക. പരസ്പരം പോരടിക്കുന്ന, വിദ്വേഷത്തിന്റെ മഹാസമുദ്രങ്ങൾ ആർത്തലക്കുന്ന ഹൃദയങ്ങളിലേക്ക് ഇസ്‌ലാമിന്റെ യാനപാത്രം ഇറക്കാനാവില്ല. അതിനാൽ മദീനയിലേക്ക് കടന്നുചെന്നപ്പോൾ ഇസ്‌ലാം ആദ്യം ചെയ്തത് പരസ്പരം പോരടിക്കുന്ന ഔസ്-ഖസ്റജ് ഗോത്രങ്ങളെ ഒന്നിപ്പിക്കുകയായിരുന്നു. ഈ ഹൃദയൈക്യം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമായാണ് ഖുർആൻ എണ്ണിയത്. "നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്തുതന്ന അനുഗ്രഹം ഓർക്കുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു" (3:103). ഹൃദയങ്ങൾക്കിടയിലുള്ള വിടവ് മനുഷ്യജീവിതത്തെ നരകമാക്കിത്തീർക്കാൻ പോന്ന അഗ്നിയാണെന്ന സൂചനയും പ്രസ്തുത സൂക്തത്തിലുണ്ട്. ഹൃദയങ്ങളെ ഐക്യപ്പെടുത്തുക എന്നത് മനുഷ്യസാധ്യമല്ലെന്നും ദിവ്യമായ ഒരു കർമമാണതെന്നും പറയുമ്പോൾ, ഹൃദയങ്ങൾക്കിടയിലുള്ള ബന്ധത്തിന്റെ നേർത്ത നൂലിഴകൾ പോലും പൊട്ടിപ്പോവാതിരിക്കാൻ നാം എത്രമാത്രം ജാഗ്രത കാണിക്കണം എന്ന് വ്യക്തമാവുന്നു. മാത്രമല്ല, ഹൃദയബന്ധങ്ങളെ ഭംഗിയായി നിലനിർത്തുക എന്നത് പ്രാധാന്യത്തോടെ നിർവഹിക്കപ്പെടേണ്ട ഒരു ഇബാദത്താണ് എന്നും മനസ്സിലാവുന്നു. "അവരുടെ ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിച്ചേർത്തു. തീർച്ചയായും അവൻ പ്രതാപിയും യുക്തിമാനുമാകുന്നു" (8:63).

ഭൂമിയിലെ സമാധാനപൂർണമായ വാസത്തിനും സുസ്ഥിതിക്കും ഹൃദയങ്ങളുടെ രഞ്ജിപ്പും ഐക്യവും അനിവാര്യമാണെന്ന് മുഹമ്മദ് നബി(സ)യെപ്പോലെ എല്ലാ പ്രവാചകന്മാരും മനസ്സിലാക്കിയിരുന്നു. വിജനവും ഊഷരവുമായ മരുഭൂമിയിലേക്ക് മക്കളെ കൊണ്ടുവന്ന് പാർപ്പിച്ച ശേഷം ഇബ്‌റാഹീം നബി(സ) നടത്തിയ പ്രാർഥനയിൽ തന്റെ സന്തതികളുടെ ഭക്ഷണ കാര്യത്തേക്കാൾ മുൻഗണന നൽകിയത് അതിനായിരുന്നു: "... നാഥാ, ജനഹൃദയങ്ങളിൽ അവരോടനുഭാവം നിറക്കേണമേ, കായ്കനികളിൽ നിന്നവർക്ക് ഭക്ഷണമേകേണമേ..."

## മൂന്ന്

ഹൃദയങ്ങൾ തമ്മിലുള്ള ആത്മാർഥമായ ബന്ധത്തിലൂടെ രൂപം കൊള്ളുന്ന നിഷ്കപടമായ സ്നേഹം ഈമാനിന്റെ തന്നെ മുന്നുപാധിയാണ്. നബി(സ)യിൽ നിന്ന് അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: "വിശ്വാസികളാകുംവരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കില്ല. അന്യോന്യം സ്നേഹിക്കും വരെ നിങ്ങൾ വിശ്വാസികളുമാകില്ല. നേരാംവണ്ണം നിർവഹിച്ചാൽ നിങ്ങൾക്കിടയിൽ സ്നേഹമുണ്ടായിത്തീരുന്ന ഒരു പ്രവൃത്തിയെക്കുറിച്ച് ഞാൻ പറഞ്ഞുതരട്ടെയോ? നിങ്ങൾക്കിടയിൽ 'സലാം' പ്രചരിപ്പിക്കുക."

വിശ്വാസികൾ തമ്മിൽ പല മാനങ്ങളിലുള്ള ബന്ധമുണ്ട്. ഗുരു-ശിഷ്യ ബന്ധം, നേതാവ്- അനുയായി ബന്ധം, ഭാര്യ-ഭർതൃബന്ധം അങ്ങനെ പലതും. എന്നാൽ വിശ്വാസികളെല്ലാം ഒരേ ഉദരത്തിൽനിന്നു വന്നവരാണെന്ന നിരന്തര ബോധം നിലനിർത്താൻ വേണ്ടി 'വിശ്വാസികൾ സഹോദരന്മാർ മാത്രമാണ്' എന്നാണ് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്. വിശാലാർഥത്തിൽ ഹവ്വ എന്ന ഏക മാതാവിന്റെ ഉദരത്തിൽ നിന്ന് വന്നവരാണല്ലോ മനുഷ്യരാകമാനം. ഊഷ്മളമായി ഊട്ടിയുറപ്പിക്കേണ്ട ഹൃദയബന്ധത്തിന്റെ

അനിവാര്യത അത് ഊന്നിപ്പറയുന്നുണ്ട്.

തന്റെ സഹോദരനോട് ദ്രോഹ ബുദ്ധി വെടിയുക, തന്നോട് മറ്റുള്ളവർ അവലംബിക്കുന്നത് അനിഷ്ടമായി കരുതുന്ന നിലപാടുകളും സമീപനങ്ങളും അങ്ങോട്ടും പുലർത്താതിരിക്കുക, തനിക്ക് ആഹ്ലാദകരവും അഭികാമ്യവുമായി തോന്നുന്ന കാര്യങ്ങൾ തന്റെ സഹോദരനും ലഭ്യമാവാൻ ആഗ്രഹിക്കുക തുടങ്ങിയവയൊക്കെയാണ് ഹൃദയൈക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രാഥമിക ഉപാധി. അത് ഒരാളുടെ വിശ്വാസത്തെപ്പോലും നിർണയിക്കുന്ന ഘടകമാണ്. അനസ്(റ) നബി(സ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: "തനിക്ക് കാമ്യമായി കരുതുന്ന കാര്യങ്ങൾ സഹോദരനു വേണ്ടിയും ആഗ്രഹിക്കുവോളം ഒരാളും വിശ്വാസിയാവുകയില്ല."

തനിക്ക് പ്രിയംകരമായത് അന്യനു വേണ്ടി അർപ്പിക്കാനാവുക എന്നതാണ് ഹൃദയബന്ധത്തിന്റെ ഏറ്റവും ഉദാത്ത ഭാവം. ചരിത്രത്തിൽ അപൂർവമായി മാത്രം പുലർന്നിട്ടുള്ള ഒരു അത്ഭുത പ്രതിഭാസമാണത്. അതാണ് മദീനയിൽ അൻസ്വാറുകൾക്കും മുഹാജിറുകൾക്കുമിടയിലുണ്ടായത്. അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന്റെ വാക്കുകൾ കാണുക: "ഞങ്ങൾ മദീനയിൽ ചെന്നപ്പോൾ നബി(സ) എനിക്കും അൻസ്വാറുകളിൽപെട്ട സഅ്ദിബ്നു റബീഇനുമിടയിൽ സാഹോദര്യം സ്ഥാപിച്ചു. സഅ്ദ് എന്നോടു പഞ്ഞു: "ഞാനാണ് അൻസ്വാരികളിലെ ഏറ്റവും ധനവാൻ. എന്റെ സ്വത്തിന്റെ പകുതി ഞാൻ നിനക്ക് തരാൻ തീരുമാനിച്ചിരിക്കുന്നു. എന്റെ ഭാര്യമാരിൽനിന്നും നിനക്കിഷ്ടപ്പെട്ടവളെ ഞാൻ വിവാഹമോചനം ചെയ്ത്, താങ്കൾക്ക് വിവാഹം ചെയ്യാൻ സൗകര്യപ്പെടുത്താം." നിഷ്കപടമായ ഈ സ്നേഹാർഥനയോട് അബ്ദുർറഹ്മാനുബ്നു ഔഫ് പ്രതികരിച്ചു: "അല്ലാഹു താങ്കളിലും കുടുംബത്തിലും സ്വത്തിലും അനുഗ്രഹം ചെയ്യട്ടെ. എനിക്ക് കച്ചവടം ചെയ്യാൻ അടുത്ത കമ്പോളം കാട്ടിത്തന്നാൽ മാത്രം മതിയാകും."

നോക്കുക, എത്ര ആത്മാർഥവും ഹൃദ്യവുമായിരുന്നു നമ്മുടെ ആദ്യ തലമുറയിലെ വ്യക്തികൾക്കിടയിലുണ്ടായിരുന്ന ബന്ധങ്ങൾ. ഭദ്രമായ കോട്ടപോലെ അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ചുനിന്ന് അവർ മുന്നോട്ടുപോയി. കൊടുങ്കാറ്റുകൾക്കും മലവെള്ളപ്പാച്ചിലിനും ആ സംഘശക്തിയെ തകർക്കാനായില്ല. വലിയ വലിയ സൈന്യങ്ങൾ ആ ചെറു സംഘത്തിന്റെ കെട്ടുറപ്പിനും നിശ്ചയ ദാർഢ്യത്തിനും മുന്നിൽ തകർന്നുവീണു. അങ്ങനെ ദിഗ്‌വിജയങ്ങളുടേതായ ഒരു ചരിത്രം തങ്കലിപികളാൽ രചിക്കപ്പെട്ടു.

എന്നാലിന്ന് നാം പരസ്പരം കടിച്ചുകീറുന്ന വന്യമൃഗങ്ങളായിത്തീർന്നിരിക്കുന്നു. ഹൃദയങ്ങളിൽ പതഞ്ഞുപൊങ്ങുന്ന വിദ്വേഷം ഒന്നിച്ചിരിക്കുമ്പോൾ പോലും നമ്മെ അലട്ടുന്നു. ഇസ്‌ലാമിക ഉമ്മത്ത് ഇന്നനുഭവിക്കുന്ന എല്ലാ വേദനകളുടെയും നഷ്ടങ്ങളുടെയും നാരായവേര് അനൈക്യമാണെന്നതിൽ സംശയമില്ല. ഭൂതകാലത്തിൽനിന്ന് പാഠങ്ങളുൾക്കൊണ്ട് മുന്നോട്ടുപോവാൻ നാം തയാറാവണം. ■

shanavasthodiyoor@gmail.com